


.facebook.com/palakkadpolice
www.twitter.com/DpcPalakkad

# ദേശീയ പാതകൾ, തീവണ്ടികൾ കേന്ദ്രീകരിച്ച് കവർച്ച നടത്തുന്ന അന്തർ സംസ്ഥാന കൊള്ളസംഘം പിടിയിൽ

ബാംഗ്ലൂർ – കൊച്ചിൻ ദേശീയ പാത , ചെന്നൈയിൽ നിന്നും കേരളത്തിലേക്ക് വരുന്ന തീവണ്ടികൾ എന്നിവ കേന്ദ്രീകരിച്ച് സ്വർണ്ണ വ്യാപാരികൾ, കുഴൽപ്പണം കടത്തുകാർ എന്നിവരെ പോലീസാണെന്ന് ചമഞ്ഞ് ബസ്സിൽ നിന്നും, ട്രെയിനിൽ നിന്നും ഇറക്കി സ്വകാര്യ വാഹനങ്ങളിൽ കയറ്റിക്കൊണ്ടുപോയി മുതലുകൾ കൊള്ളയടിക്കുന്ന വൻ സംഘത്തിലെ നാലുപേരെയാണ് വാളയാർ SI. S. അൻഷാദും ജില്ലാ ക്രൈം സ്ക്വാഡും ചേർന്ന് വാളയാർ – കോയമ്പത്തൂർ ദേശീയപാതയിൽ തമിഴ്നാട് അതിർത്തിയിൽ നിന്നും സാഹസികമായി പിടികൂടിയത്.

പാലക്കാട്, കിണാശ്ശേരി, തണ്ണീശ്ശേരി, വാടപറമ്പ് വീട്ടിൽ സുജീഷ് എന്ന സ്പിരിറ്റ് സുജി വ ഃ 29, ആലത്തൂർ , ഇരട്ടക്കുളം, നൊച്ചിപ്പറമ്പിൽ വീട്ടിൽ സുരേന്ദ്രൻ എന്ന മാമ വ ഃ40, കോങ്ങാട്, കുണ്ടലശ്ശേരി, പാലേങ്ങാട്ട് പറമ്പിൽ വീട്ടിൽ സുലൈമാൻ എന്ന കാക്കി സുലി വ ഃ 49, കല്ലടിക്കോട് , കരിമ്പ, കമ്പിയിൽ വീട്ടിൽ ബിജു എന്ന കമ്പി ബിജു വ ഃ 37 എന്നിവരാണ് പിടിയിലായത്. പാലക്കാട് ജില്ലാ പോലീസ് മേധാവി ദേബേഷ് കുമാർ IPSന്റെ നിർദ്ദേശത്തെത്തുടർന്ന് പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് കേസ്സ് അന്വേഷിച്ചുവരവെയാണ് നാൽവർ സംഘം വലയിലായത്. പ്രതികളെ പോലീസ് സ്റ്റേഷനിലെത്തിച്ച് വിശദമായി

ചോദ്യം ചെയ്തതിൽ നിരവധി കവർച്ചാ കേസ്സുകൾക്ക് തുമ്പായി.



പാലക്കാട് DySP. G.D. വിജയകുമാർ, നർകോട്ടിക് സെൽ DySP. ഷംസുദ്ദീൻ എന്നിവരുടെ മേൽ നോട്ടത്തിൽ വാളയാർ SI. S. അൻഷാദ്, സ്പെഷ്യൽ ബ്രാഞ്ച് ASI .P. മധുസൂദനൻ, SCPO. S. ഷാജഹാൻ, ജില്ലാ ക്രൈം സ്ക്വാഡ് അംഗങ്ങളായ S.I. S.ജലീൽ, V. ജയകുമാർ, C.S. സാജിദ്, R. കിഷോർ, K. അഹമ്മദ് കബീർ, R. വിനീഷ്, S. N. ഷനോസ്, R. രാജീദ്, S.ഷമീർ, അഫ്സൽ സൈബർസെൽ ഉദ്യോഗസ്ഥൻ ഗോവിന്ദനുണ്ണി എന്നിവരടങ്ങിയ സംഘമാണ് കേസ്സന്വേഷണം നടത്തി പ്രതികളെ അറസ്റ്റു ചെയ്തത്.

